എ.വൈ.ആർ

സൂറഃ-9

# അത്തൗബ

وَمِنْهُم مَّن يَقُولُ ٱئْذَن لِّى وَلَا تَفْتِنِّىٓ ۚ أَلَا فِى ٱلْفِتْنَةِ سَقَطُوا۟ ۗ وَإِنَّ جَهَنَّمَ لَمُحِيطَةٌۢ بِٱلْكَٰفِرِينَ ﴿٤٩﴾

49. അക്കൂട്ടത്തിൽ ഇങ്ങനെ പറയുന്ന ചിലരുമുണ്ട്. 'സമരയാത്രയിൽനിന്ന് എനിക്ക് വിടുതൽ തരേണമേ, എന്നെ കുഴപ്പത്തിലകപ്പെടുത്തരുതേ!' എന്നാൽ അറിഞ്ഞിരിക്കുക. അവരിതാ കുഴപ്പത്തിൽ തന്നെ വീണു കഴിഞ്ഞിരിക്കുന്നു. നരകം തീർച്ചയായും ഈ സത്യനിഷേധികളെ വലയം ചെയ്തിരിക്കുന്നു.

إِن تُصِبْكَ حَسَنَةٌ تَسُؤْهُمْ ۖ وَإِن تُصِبْكَ مُصِيبَةٌ يَقُولُوا۟ قَدْ أَخَذْنَآ أَمْرَنَا مِن قَبْلُ وَيَتَوَلَّوا۟ وَّهُمْ فَرِحُونَ ﴿٥٠﴾

50. നിനക്കു വല്ല നേട്ടവുമുണ്ടായാൽ അതവരെ ദുഃഖിതരാക്കുന്നു. വല്ല ആപത്തുമണഞ്ഞാലോ, ഞങ്ങളാദ്യമേ സ്വന്തം കാര്യം കൈയിലാക്കിയല്ലോ എന്നു ഘോഷിച്ചുകൊണ്ട് ആഹ്ലാദത്തോടെ തിരിഞ്ഞു പോകുന്നു.

قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا هُوَ مَوْلَىٰنَا ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿٥١﴾

51. അവരോടു പറയുക: അല്ലാഹു വിധിച്ചതല്ലാതൊന്നും ഞങ്ങൾക്കു സംഭവിക്കുന്നില്ല. അവനാകുന്നു ഞങ്ങളുടെ രക്ഷിതാവ്. സത്യവിശ്വാസികൾ അല്ലാഹുവിൽ തന്നെ ഭരമേൽപിക്കേണം.

قُلْ هَلْ تَرَبَّصُونَ بِنَآ إِلَّآ إِحْدَى ٱلْحُسْنَيَيْنِ ۖ وَنَحْنُ نَتَرَبَّصُ بِكُمْ أَن يُصِيبَكُمُ ٱللَّهُ بِعَذَابٍ مِّنْ عِندِهِۦٓ أَوْ بِأَيْدِينَا ۖ فَتَرَبَّصُوٓا۟ إِنَّا مَعَكُم مُّتَرَبِّصُونَ ﴿٥٢﴾

52. അവരോടു ചോദിക്കുക: രണ്ടു നന്മകളിലൊന്നല്ലാതെ ഞങ്ങളെക്കുറിച്ച് നിങ്ങൾക്കെന്താണ് പ്രതീക്ഷിക്കാനുള്ളത്? എന്നാൽ നിങ്ങളെക്കുറിച്ച് ഞങ്ങൾ പ്രതീക്ഷിക്കുന്നതോ അല്ലാഹു നേരിട്ടോ അല്ലെങ്കിൽ ഞങ്ങളുടെ കരങ്ങളാലോ നിങ്ങളെ ശിക്ഷിക്കും എന്നത്രെ. നിങ്ങൾ കാത്തിരുന്നു കൊള്ളുക; ഒപ്പം ഞങ്ങളും കാത്തിരിക്കാം.

قُلْ أَنفِقُوا۟ طَوْعًا أَوْ كَرْهًا لَّن يُتَقَبَّلَ مِنكُمْ ۖ إِنَّكُمْ كُنتُمْ قَوْمًا فَٰسِقِينَ ﴿٥٣﴾

53. അവരോടു പറയുക: സ്വമനസ്സാലെയോ മനസ്സില്ലാതെയോ നിങ്ങൾ ധനം ചെലവഴിച്ചുകൊള്ളുക. എങ്ങനെയായാലും അതു സ്വീകരിക്കപ്പെടുന്നതല്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ അധർമകാരികളാകുന്നു.

وَمِنْهُم= അക്കൂട്ടരിൽ ഉണ്ട് مَّن= യാതൊരുത്തർ(ചിലരും) يَقُولُ= (അവർ) പറയുന്നു
ٱئْذَن لِّى= എനിക്ക് സമ്മതം തരേണം (സമരയാത്രയിൽനിന്ന് വിടുതൽ തരേണമേ)
وَلَا تَفْتِنِّىٓ= എന്നെ കുഴപ്പത്തിലകപ്പെടുത്തരുതേ أَلَا= (എന്നാൽ)അറിഞ്ഞിരിക്കുവിൻ فِى ٱلْفِتْنَةِ= (അവരിതാ)കുഴപ്പത്തിൽ(തന്നെ)

سَقَطُوا۟ۗ = വീണു(കഴിഞ്ഞിരിക്കുന്നു) وَإِنَّ جَهَنَّمَ = തീർച്ചയായും നരകം لَمُحِيطَةٌۢ = വലയം ചെയ്തതാകുന്നു

بِٱلْكَـٰفِرِينَ = ഈ സത്യനിഷേധികളെ إِن تُصِبْكَ = നിനക്ക് ഏറ്റാൽ (ഉണ്ടായാൽ) حَسَنَةٌ = ഒരു നന്മ (വല്ല നേട്ടവും)

تَسُؤْهُمْۖ = അത് അവരെ ദുഃഖിതരാക്കുന്നു وَإِن تُصِبْكَ = നിനക്ക് ഏറ്റാൽ (അണഞ്ഞാൽ) مُصِيبَةٌ = ഒരു (വല്ല) ആപത്ത്(ും)

يَقُولُوا۟ = അവർ പറയുന്നു (ഘോഷിച്ചുകൊണ്ട്)

قَدْ أَخَذْنَآ أَمْرَنَا = ഞങ്ങൾ ഞങ്ങളുടെ കാര്യം എടുത്തു (സ്വന്തം കാര്യം കൈയിലാക്കിയല്ലോ) مِن قَبْلُ = ഇതിനു മുമ്പ് (ആദ്യമേ)

وَيَتَوَلَّوا۟ = അവർ തിരിഞ്ഞു പോവുകയും ചെയ്യുന്നു وَّهُمْ فَرِحُونَ = അവർ സന്തുഷ്ടരായ നിലയിൽ (ആഹ്ലാദത്തോടെ)

قُل = നീ (അവരോടു) പറയുക لَّن يُصِيبَنَآ = ഞങ്ങൾക്ക് ഒരിക്കലും ഏൽക്കുന്നില്ല (സംഭവിക്കുന്നില്ല)

إِلَّا مَا كَتَبَ ٱللَّهُ = (ഒന്നും) തല്ലാതെ അല്ലാഹു രേഖപ്പെടുത്തിയ (വിധിച്ച) لَنَا = ഞങ്ങൾക്കു വേണ്ടി هُوَ = അവനാകുന്നു

مَوْلَىٰنَا = ഞങ്ങളുടെ രക്ഷിതാവ് وَعَلَى ٱللَّهِ = അല്ലാഹുവിൽ തന്നെ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ = സത്യവിശ്വാസികൾ ഭരമേൽപിക്കണം

قُلْ = നീ പറയുക (അവരോട് ചോദിക്കുക)

هَلْ تَرَبَّصُونَ = (നിങ്ങൾക്ക് എന്താണ് പ്രതീക്ഷിക്കാനുള്ളത്) നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ بِنَآ = ഞങ്ങളെക്കുറിച്ച്

إِلَّآ إِحْدَى ٱلْحُسْنَيَيْنِۖ = രണ്ടു നന്മകളിൽ ഒന്നല്ലാതെ

وَنَحْنُ نَتَرَبَّصُ بِكُمْ = (തോ) ഞങ്ങൾ പ്രതീക്ഷിക്കുന്നത് നിങ്ങളെക്കുറിച്ച് (എന്നാൽ)

أَن يُصِيبَكُمُ ٱللَّهُ = (ഏൽപിക്കും എന്നത്രെ) അല്ലാഹു നിങ്ങൾക്ക് ഏൽപിക്കുന്നത് بِعَذَابٍ = ശിക്ഷ مِّنْ عِندِهِۦٓ = അവങ്കൽനിന്ന് (നേരിട്ട്)

أَوْ بِأَيْدِينَاۖ = അല്ലെങ്കിൽ ഞങ്ങളുടെ കരങ്ങളാൽ فَتَرَبَّصُوٓا۟ = അതിനാൽ നിങ്ങൾ കാത്തിരുന്നുകൊള്ളുക

إِنَّا مَعَكُم = നിങ്ങളോടൊപ്പം ഞങ്ങളും مُّتَرَبِّصُونَ = കാത്തിരി(ക്കാം)ക്കുന്നവരാകുന്നു قُلْ = (അവരോട്) പറയുക

أَنفِقُوا۟ = നിങ്ങൾ ചെലവഴിക്കുക طَوْعًا = സ്വയം സന്നദ്ധരായിക്കൊണ്ട് (സ്വമനസ്സാലെ)

أَوْ كَرْهًا = അല്ലെങ്കിൽ നിർബന്ധിതരായി (മനസ്സില്ലാതെ) لَّن يُتَقَبَّلَ مِنكُمْۖ = നിങ്ങളിൽനിന്ന് അത് സ്വീകരിക്കപ്പെടുന്നതല്ല

إِنَّكُمْ كُنتُمْ = (എന്തുകൊണ്ടെന്നാൽ) നിങ്ങൾ ആയിരിക്കുന്നു قَوْمًا فَـٰسِقِينَ = ധിക്കാരികളായ ജനം

**49:** ജിഹാദിൽനിന്ന് മാറിനിൽക്കാൻ കപടന്മാർ ഉന്നയിച്ചിരുന്ന ബാലിശമായ കാരണങ്ങളിലൊന്നിനെയാണ് ٱئْذَن لِّى وَلَا تَفْتِنِّىٓ എന്ന വാക്യം സൂചിപ്പിക്കുന്നത്. റോമൻ ആക്രമണം തടയാൻ ത്വബൂക്കിലേക്ക് മാർച്ച് ചെയ്യണമെന്ന് പൊതുവിളംബരമുണ്ടായപ്പോൾ അതിൽനിന്ന് പിന്മാറാൻ ചിലർ സമർപ്പിച്ച ഒഴികഴിവ് ഇതായിരുന്നു: "പ്രവാചകരേ, ഞാനൊരു സ്ത്രീലമ്പടനാണ്. ത്വബൂക്കിൽ ചെന്നാൽ റോമക്കാരി പെണ്ണുങ്ങളെ കാണുമ്പോൾ എന്റെ നിയന്ത്രണം വിട്ടുപോകും. അതിനാൽ എനിക്ക് ഈ യാത്രയിൽനിന്ന് വിടുതലനുവദിക്കണം ഇല്ലെങ്കിൽ ഞാൻ കുഴപ്പത്തിലകപ്പെട്ടുപോകും." ഫിത്നയിൽ (കുഴപ്പത്തിൽ) അകപ്പെട്ടുപോകും എന്നതുകൊണ്ട് ഉദ്ദേശിച്ചത്, സദാചാരം ലംഘിച്ച് വ്യഭിചാരത്തിലേർപ്പെടാൻ നിർബന്ധിതനാകും എന്നാണ്. ജദ്ദുബ്നു ഖൈസ് എന്ന ഒരു പ്രമാണി ഈ കാരണം പറഞ്ഞ് ത്വബൂക്ക് യാത്രയിൽനിന്ന് വിടുതൽ തേടിയതായി ത്വബറാനിയും അബൂനഈമും ഉദ്ധരിച്ചിട്ടുണ്ട്.

കേൾക്കുമ്പോൾ ഒരു ഭോഷ്ക്കായി തോന്നാമെങ്കിലും, കാപട്യത്തിന്മേലും ഭീരുത്വത്തിന്മേലും, ദൈവഭക്തിയുടെയും ആത്മവിശുദ്ധിയുടെയും മൂടുപടമണിയിച്ച് പ്രദർശിപ്പിക്കാനുള്ള ശ്രമമാണിത്. അതുകൊണ്ടുതന്നെയായിരിക്കണം അത് ഖുർആൻ പ്രത്യേകം പരാമർശിച്ചത്. ചെകുത്താന്റെ സൂക്ഷ്മമായ അടവാണ് നിഷേധത്തെ വിശ്വാസത്തിന്റെയും ധിക്കാരത്തെ ദൈവഭക്തിയുടെയും പ്രച്ഛന്നവേഷത്തിൽ പ്രദർശിപ്പിക്കൽ. മഹാഭക്തന്മാരും വലിയ്യുകളും ആണെന്നവകാശപ്പെടുന്ന ചിലർ ജമാഅത്ത് നമസ്കാരങ്ങൾക്ക് എത്താതിരിക്കുന്നതു ലോകമാന്യം- رياء- ഭയപ്പെടുന്നതുകൊണ്ടാണ് എന്ന് പറയാറുള്ളത് ഇക്കൂട്ടത്തിൽ പെട്ടതാണ്.

أَلَا فِى ٱلْفِتْنَةِ سَقَطُوا۟ (അവരിതാ കുഴപ്പത്തിൽതന്നെ വീണു കഴിഞ്ഞിരിക്കുന്നു) എന്ന വാക്യം വളരെ അർഥവത്താണ്. കുഴപ്പത്തിലകപ്പെടാൻ അവർ വിദൂരമായ ത്വബൂക്ക് വരെ പോകേണ്ട കാര്യമില്ല. ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുക എന്നതു തന്നെ ഒരു വലിയ ഫിത്നയാണ്. ആ ഒഴിഞ്ഞുമാറ്റത്തെ ഭക്തിയുടെയും വിശുദ്ധിയുടെയും കുപ്പായമണിയിക്കുക എന്നതു മറ്റൊരു ഫിത്നയാണ്. ഈ മഹാ ഫിത്നകളിൽ ഇപ്പോൾതന്നെ അവർ വീണുകഴിഞ്ഞിരിക്കുന്നു. അവരുടെ നാശത്തിന് ഇനിയും വേറെ ഫിത്നകൾ ആവശ്യമില്ല. നരകം അവരെ വലയം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഒരു വിധത്തിലും ഒഴിഞ്ഞുമാറാൻ അവർക്കാവില്ല. وَإِنَّ جَهَنَّمَ لَمُحِيطَةٌۢ بِٱلْكَـٰفِرِينَ എന്ന വാക്യം നിർണായക സന്ദർഭങ്ങളിൽ കൃത്രിമമായ ഒഴികഴിവുകൾ നിരത്തി ജിഹാദിൽനിന്ന് മാറിനിൽക്കുന്നവർ കാഫിറുകൾ-സത്യനിഷേധികൾ- ആണെന്നുകൂടി വ്യക്തമാക്കുന്നുണ്ട്.

**50:** നാൽപത്തഞ്ചാം സൂക്തം മുതൽ പറഞ്ഞുവരുന്ന കാര്യം ഒന്നുകൂടി വിശദീകരിക്കുകയാണ് ഈ സൂക്തം. ജിഹാദിൽനിന്നു വിട്ടുനിൽക്കാൻ സമ്മതം ചോദിച്ചുവരുന്നവർ അല്ലാഹുവിലും അന്ത്യനാളിലും യഥാർഥത്തിൽ വിശ്വസിക്കാത്തവരും സന്ദേഹത്തിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നവരും വിശ്വാസികൾക്കിടയിൽ കുഴപ്പങ്ങൾ കുത്തിപ്പൊക്കാൻ ശ്രമിക്കുന്നവരുമാണെന്നാണല്ലോ അവിടെ പറഞ്ഞത്. ഈ സൂക്തം അവ

രുടെ ദുഷ്ട മനസ്സ് ഒന്നുകൂടി തുറന്നുകാണിക്കുന്നു. വിശ്വാസികളുടെ വിജയത്തിൽ സന്തോഷിക്കുന്നവരോ പരാജയത്തിൽ ദുഃഖിക്കുന്നവരോ അല്ല അവർ. മുജാഹിദുകൾ ജേതാക്കളായി തിരിച്ചുവന്നാൽ അവരോടൊപ്പം ചേരാതിരുന്നത് തങ്ങളുടെ നിവൃത്തികേടു കൊണ്ടായിരുന്നുവെന്നും വിശ്വാസികളുടെ വിജയത്തിൽ അതിയായ സന്തോഷമുണ്ടെന്നും ബോധ്യപ്പെടുത്താൻ ഇക്കൂട്ടർ ശ്രമിക്കും. എന്നാൽ യഥാർഥത്തിൽ വിശ്വാസികളുടെ വിജയത്തിൽ വലുതായ ദുഃഖമാണവർക്കുള്ളത്. ഓരോ സമരവേളയിലും അവരാഗ്രഹിക്കുന്നത് നിങ്ങളുടെ പരാജയമാണ്. സമരത്തിലെന്നല്ല, വിശ്വാസികൾക്ക് ഏതുതരത്തിലുള്ള നേട്ടമുണ്ടാകുന്നതും അവരിൽ സൃഷ്ടിക്കുന്നത് ഇഛാഭംഗമാണ്.

അതേസമയം യുദ്ധത്തിലടക്കം ഏതു രംഗത്തും വിശ്വാസികൾക്കുണ്ടാകുന്ന എന്തു കോട്ടവും അവരെ ആഹ്ലാദിപ്പിക്കുന്നു. തങ്ങൾ ആ സംരംഭത്തിൽ പങ്കെടുക്കാതിരുന്നതിന്റെ ന്യായമായി പരാജയത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്യും. കപടന്മാർ പിന്മാറിയ ഒരു യുദ്ധത്തിൽ മുസ്‌ലിംകൾ പരാജയപ്പെട്ടാൽ അവർ പറയും, നിങ്ങളുടെ അവിവേകത്തിന് കിട്ടേണ്ട കൂലിതന്നെയാണ് കിട്ടിയത്. ഇതായിരിക്കും ഫലമെന്ന് ഞങ്ങൾക്ക് നേരത്തേ അറിയാമായിരുന്നു. അതുകൊണ്ടാണ് നിങ്ങളോടൊപ്പം ചാടിപ്പുറപ്പെടാതെ ഞങ്ങൾ വിവേകപൂർവം മാറിനിന്നത്. അങ്ങനെ ഞങ്ങൾ രക്ഷപ്പെട്ടു. നിങ്ങൾക്ക് കിട്ടിയത് നിങ്ങൾ തന്നെ അനുഭവിച്ചുകൊള്ളുക. ഞങ്ങൾക്കതിൽ പങ്കില്ല.

കാര്യം കാണുക, ആവശ്യം സാധിക്കുക, തടിയൂരുക, ആപത്തൊഴിവാക്കാൻ വേണ്ട മുൻകരുതലെടുക്കുക, ജാഗ്രത കാണിക്കുക തുടങ്ങിയ ആശയങ്ങളെ കുറിക്കുന്ന ഒരു പ്രയോഗമാണ് أَخَذْنَآ أَمْرَنَا. സൂറ *അന്നിസാഅ്* 71-ാം സൂക്തത്തിൽ خُذُوا حِذْرَكُمْ (ജാഗ്രത കൈക്കൊള്ളുവിൻ, പ്രതിരോധ സന്നാഹമൊരുക്കുവിൻ) എന്ന് വന്നിട്ടുണ്ട്. حِذْرَ ന്റെ അർഥം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ أَخَذْنَآ أَمْرَنَا എന്നതിന് أخذنا حذرنا എന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അർഥം കൽപിച്ചിരിക്കുന്നു. ഈ സൂക്തത്തിലും അടുത്ത സൂക്തത്തിലും വന്നിട്ടുള്ള تُصِبْكَ- مُصِيبَةٌ- يُصِيبَنَآ എന്നീ വാക്കുകൾ صواب എന്ന മൂലത്തിൽനിന്നുള്ളതാണ്. ശരി, സാധു, തൃപ്തികരം എന്നാണ് അർഥം. تحرّى العدل صواب എന്നാൽ, നീതിനിഷ്ഠ നല്ലതാണ്. ഇത് أصاب എന്നാകുമ്പോൾ ശരി ചെയ്തു, ലക്ഷ്യം നേടി, തേടിയത് കണ്ടെത്തി, ഏറ്റു, കൊണ്ടു, പറ്റി എന്നൊക്കെ അർഥമാകുന്നു. أصبت എന്ന വാക്ക് നീ ലക്ഷ്യം കണ്ടു, നിനക്ക് തേടിയതു കിട്ടി, നീ സത്യം പറഞ്ഞു എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്നു. أصابه السّهم എന്നാൽ, അവന്ന് അമ്പേറ്റു. من إجتهد فأصاب فله أجران (ഒരാൾ ഇജ്തിഹാദ് ചെയ്തിട്ട് ശരിയായാൽ രണ്ടു പുണ്യമുണ്ട്) എന്നൊരു നബിവചനമുണ്ട്. തെറ്റായി സംഭവിക്കുന്നതിനും أصاب ഉപയോഗിക്കും. വേട്ടമൃഗത്തെ അമ്പെയ്തിട്ട് മനുഷ്യന് കൊണ്ടാൽ, قصد رمى صيد فأصاب انسانا എന്നു പറയും. ഈ അർഥത്തിലുള്ള أصابയിൽ നിന്നുള്ളതാണ് مُصِيبَةٌ. ആപത്ത് ഉദ്ദേശിച്ച് മാത്രമേ അത് ഉപയോഗിക്കൂ. أصابت مصيبة എന്നാൽ ആപത്തണഞ്ഞു, അപകടം പറ്റി. എല്ലാ തരത്തിലുള്ള നന്മയെയും കുറിക്കുന്ന പദമാണ് حَسَنَةٌ. അതിന്റെ വിപരീതമാണ് سيّئة. അതിൽനിന്നുള്ള വർത്തമാനകാല ക്രിയാരൂപമാണ് تسوء. ഇതിന്റെ ഭൂതകാല ക്രിയാരൂപം ساء. ദുഷിച്ചു, മോശമായി എന്നും ഖേദിപ്പിച്ചു, ദുഃഖിപ്പിച്ചു എന്നും ഇതിനർഥമുണ്ട്.

**51,52:** വിശ്വാസികൾ ജയിക്കുമ്പോൾ ദുഃഖിക്കുകയും പരാജയപ്പെടുമ്പോൾ സന്തോഷിക്കുകയും തങ്ങൾക്കതിൽ പങ്കില്ലെന്ന് പറഞ്ഞ് തിരിഞ്ഞു പോവുകയും ചെയ്യുന്നവർക്ക് നൽകേണ്ട മറുപടിയാണ് ഈ സൂക്തങ്ങൾ പറയുന്നത്. വിജയപരാജയങ്ങളെ കേവല ഭൗതികമായ വീക്ഷണകോണിലൂടെയല്ല ഞങ്ങൾ നോക്കിക്കാണുന്നത്. വിജയമുണ്ടാകുമ്പോൾ അതു ഞങ്ങളുടെ സാമർഥ്യത്തിന്റെ മാത്രം ഫലമായി കാണുന്നില്ല. പരാജയപ്പെടുമ്പോൾ അത് ഞങ്ങളുടെ കഴിവുകേടിന്റെ അല്ലെങ്കിൽ ശത്രുക്കളുടെ ശക്തിയുടെയോ വഞ്ചകന്മാരുടെ സാമർഥ്യത്തിന്റെയോ മാത്രം ഫലമായി കാണാനും ഞങ്ങൾക്കാവില്ല. ജയപരാജയങ്ങളും ഗുണദോഷങ്ങളും ആത്യന്തികമായി വരുന്നത് അല്ലാഹുവിങ്കൽ നിന്നാണ്. എന്തൊക്കെ ചെയ്താലും അവന്റെ നിശ്ചയങ്ങളെ മറികടക്കാൻ ആർക്കുമാവില്ല. അല്ലാഹു വിധിച്ചത് നടക്കുക തന്നെ ചെയ്യും. അവൻ വിധിച്ചതു മാത്രമേ നടക്കൂ. ഞങ്ങളുടെയോ നിങ്ങളുടെയോ മറ്റുള്ളവരുടെയോ ഇഷ്ടാനിഷ്ടങ്ങൾ അതിനെ ഒരുതരത്തിലും ബാധിക്കുകയില്ല. അതിനാൽ വിജയമുണ്ടാകുമ്പോൾ ഞങ്ങൾ ഭൗതികന്മാരെ പോലെ ഗർവിഷ്ഠരാവുകയോ പരാജയപ്പെടുമ്പോൾ നിരാശയിലാണ്ടു വിലപിക്കുകയോ ഇല്ല. നന്മതിന്മകളുടെ വിധാതാവായ അല്ലാഹുവാണ് ഞങ്ങളുടെ രക്ഷിതാവ്, അവനിൽ വിശ്വസിക്കുകയും അവന്റെ വിധിവിലക്കുകൾ അനുസരിക്കുകയും ചെയ്യുന്നവരെ ഈ ലോകത്ത് അല്ലെങ്കിൽ പരലോകത്ത് അവൻ രക്ഷിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അതുകൊണ്ട് ഞങ്ങളുടെ സകലകാര്യങ്ങളും അവനിൽ സമർപ്പിച്ചിരിക്കുന്നു. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ, സത്യവിശ്വാസികളെല്ലാം അല്ലാഹുവിൽ തന്നെ ഭരമേൽപിക്കേണ്ടതാണ്.

നന്മയും തിന്മയും അല്ലാഹുവിങ്കൽ നിന്നുള്ള പരീക്ഷണങ്ങളാണ്. പരീക്ഷണങ്ങളെ അല്ലാഹു കൽപിച്ചവിധം നേരിടുകയാണ് വിശ്വാസിയുടെ ഉത്തരവാദിത്വം. സംരംഭങ്ങളുടെ ഭൗതികമായ വിജയപരാജയങ്ങളല്ല വിശ്വാസിയുടെ വിജയപരാജയങ്ങൾ. സംരംഭങ്ങൾ പരാജയപ്പെട്ടാലും അതിനെ കൈകാര്യം ചെയ്യേണ്ടവിധം കൈകാര്യം ചെയ്തിട്ടുണ്ടെങ്കിൽ വിശ്വാസി വിജയിക്കുന്നു. 950 സംവത്സരങ്ങൾ പ്രബോധനം ചെയ്തിട്ടും തന്റെ സമൂഹത്തെ മാനസാന്തരപ്പെടുത്തുന്നതിൽ ഒട്ടും വിജയിക്കാത്ത നൂഹ്(അ) ലോകാവസാനംവരേക്കുള്ള പ്രബോധകർക്ക് മാതൃകാ പുരുഷനായത് അങ്ങനെയാണ്. സത്യവും അസത്യവും തമ്മിലുള്ള സംഘട്ടനത്തിൽ അസത്യത്തെ അതിജയിച്ച പല ജേതാക്കളേക്കാളും മീതെയാണ് സത്യനിഷേധികളുടെ വെട്ടേറ്റ് മരിച്ചുവീണ രക്തസാക്ഷികളുടെ സ്ഥാനം.

സത്യവും അസത്യവും തമ്മിലുള്ള സമരത്തിൽ സ്വന്തം കർത്തവ്യം യഥാവിധി നിർവഹിക്കുന്ന വിശ്വാസിക്ക് പരാജയം എന്നൊന്നില്ല. കർത്തവ്യം യഥാവിധി നിർവഹിക്കുക എന്നതു തന്നെയാണ് വിശ്വാസിയുടെ വിജയം. ഏറ്റുമുട്ടലിൽ ജയിച്ചത് താനും തന്റെ പക്ഷവുമാണോ അതല്ല, എതിർപക്ഷമാണോ എന്നത് അവന്റെ വിജയത്തെ ബാധിക്കുന്നില്ല. ആര് എപ്പോൾ എങ്ങനെ ജയിക്കണമെന്ന് അല്ലാഹു വിധിച്ചിട്ടുണ്ട്. കാര്യങ്ങൾ അതനുസരിച്ചു നടന്നിരിക്കും. സംഘട്ടനത്തിൽ ചെകുത്താന്റെ കക്ഷിയെ തോൽപിക്കാൻ കഴിഞ്ഞെങ്കിൽ അത് വൻ വിജയം തന്നെ. ആത്മാർഥമായി ജിഹാദിലേർപ്പെട്ടവർക്ക് എപ്പോഴും രണ്ട് വിജയം ഒന്നിച്ചുനേടാൻ കഴിയണമെന്നില്ല. കഴിഞ്ഞാൽ മഹാഭാഗ്യം തന്നെ. എന്നാൽ ഒരു വിജയം സുനിശ്ചിതമാണ്. സത്യത്തിനുവേണ്ടി നിസ്വാർഥമായും നിഷ്കളങ്കമായും സമരം ചെയ്തു എന്നതാണീ വിജയം. ശത്രുക്കളെ തോൽപിക്കാനായി

ല്ലെങ്കിലും ഈ വിജയത്തിനു മങ്ങലേൽക്കുന്നില്ല. ഈ വിജയമാണ് പാരത്രിക രക്ഷക്കാധാരം.

സത്യവിശ്വാസികൾക്ക് നേട്ടവും നഷ്ടവും സുഖവും ദുഃഖവും ജീവിതവും മരണവും എല്ലാം നന്മയാണ്. നേട്ടങ്ങളും സുഖങ്ങളും അവനെ അല്ലാഹുവിനോട് കൂടുതൽ നന്ദിയുള്ളവനാക്കുന്നു. ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ ശ്രദ്ധാലുവാക്കുന്നു. സൽകർമങ്ങളിൽ ഉത്സുകനാക്കുന്നു. നഷ്ടവും ദുഃഖവും അവനിൽ ക്ഷമയും സഹനവും വളർത്തുന്നു. വീഴ്ചകളിൽ പശ്ചാത്താപമുണർത്തുന്നു. കർമദോഷങ്ങളും സ്വഭാവദൗർബല്യങ്ങളും പരിഹരിക്കാൻ അവൻ പ്രചോദിതനാകുന്നു. ഇതൊക്കെയും അവന്റെ പരലോക ജീവിതം കൂടുതൽ കൂടുതൽ ശോഭനമാക്കിക്കൊണ്ടിരിക്കും.

എന്നാൽ കപടന്മാരുടെ കാര്യത്തിൽ രണ്ടു തിന്മകൾ മാത്രമേ പ്രതീക്ഷിക്കാനുള്ളൂ. ഒന്നുകിൽ അല്ലാഹു നേരിട്ട് അവരെ ശിക്ഷിക്കുക. അല്ലെങ്കിൽ വിശ്വാസികളുടെ കൈകളാൽ ശിക്ഷിക്കപ്പെടുക. അല്ലാഹു നേരിട്ട് ശിക്ഷിക്കുന്നത് രണ്ടു രീതിയിലാണ്. ഒന്ന്, മഹാവ്യാധികൾ, ക്ഷാമം, പ്രകൃതികോപം സൃഷ്ടിക്കുന്ന അത്യാഹിതങ്ങൾ എന്നിവയിലൂടെ ഈ ലോകത്തു വെച്ചുതന്നെ ശിക്ഷിക്കുക. രണ്ട്, പരലോകത്ത് നരകശിക്ഷ വിധിക്കുക. ആദ്യത്തേത് നേരിടേണ്ടിവന്നാലും ഇല്ലെങ്കിലും രണ്ടാമത്തേത് നേരിടുക അനിവാര്യമാകുന്നു. വിശ്വാസികളുടെ കൈകളാൽ ശിക്ഷിക്കപ്പെടുന്നത് അവരുടെ കുറ്റകൃത്യങ്ങൾക്കെതിരെ ഇസ്‌ലാമിക സമൂഹം ശിക്ഷാ നടപടി സ്വീകരിക്കുന്നതിലൂടെയാവാം. ശത്രുവിഭാഗമായി കണ്ട് അവർക്കെതിരെ യുദ്ധം ചെയ്യുന്നതിലൂടെയുമാവാം. സൂറ *അൽഅഹ്സാബ്* 60-ാം സൂക്തത്തിൽ ഇങ്ങനെ പറയുന്നുണ്ട്:

۞ لَّئِن لَّمْ يَنتَهِ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْمُرْجِفُونَ
فِى ٱلْمَدِينَةِ لَنُغْرِيَنَّكَ بِهِمْ ثُمَّ لَا يُجَاوِرُونَكَ فِيهَآ إِلَّا قَلِيلًا ﴿٦٠﴾

(കപടന്മാരും രോഗഗ്രസ്തമായ മനസ്സുള്ളവരും മദീനയിൽ സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവരും തങ്ങളുടെ ചെയ്തികളിൽനിന്ന് വിരമിക്കുന്നില്ലെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാൻ നാം നിന്നെ പ്രേരിപ്പിക്കുന്നതാകുന്നു. പിന്നെ അവർ നിന്നോടൊപ്പം വളരെ കുറച്ചേ പട്ടണത്തിൽ വസിക്കുകയുള്ളൂ.)

ഇതാണ് യാഥാർഥ്യം. ഇതു മനസ്സിലാക്കി വേണമെങ്കിൽ നിങ്ങൾക്ക് സ്വന്തം നിലപാടുകൾ തിരുത്തി സത്യസന്ധരായ മുസ്‌ലിംകളായിത്തീരാം. അല്ലെങ്കിൽ സത്യവിശ്വാസികൾക്ക് എന്തു സംഭവിക്കുമെന്നാണോ നിങ്ങൾ പ്രതീക്ഷിക്കുന്നത് അതും കാത്തിരുന്നുകൊള്ളുക. നിങ്ങൾക്കു സംഭവിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്ന രണ്ടു തിന്മകളിലേതെങ്കിലുമൊന്ന് സംഭവിക്കുന്നത് ഞങ്ങളും കാത്തിരിക്കാം. വിശ്വാസികളുടെ ഈ പ്രതികരണം കപടന്മാരെ സ്വയം ശിക്ഷിക്കാനോ ദൈവശിക്ഷ ബാധിക്കാനോ ഉള്ള ആഗ്രഹപ്രകടനമല്ല. മറിച്ച്, സത്യം അതിന്റെ എല്ലാ ന്യായങ്ങളോടെയും ബോധ്യപ്പെടുത്തിക്കൊടുത്ത ശേഷവും അസത്യത്തിൽ ഉറച്ചുനിൽക്കുന്നവർ നേരിടേണ്ട സ്വാഭാവികമായ പരിണതിയെക്കുറിച്ചുള്ള ഉണർത്തലാണ്.

**53:** തബൂക്ക് യാത്രയിൽനിന്നു മാറിനിന്ന ചിലർ യുദ്ധഫണ്ടിലേക്ക് സംഭാവന ചെയ്യാൻ തയാറായിരുന്നു. അതു മുന്നിൽ വെച്ചുകൊണ്ട് ദാനധർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാകുന്നതിനുള്ള അതിപ്രധാനമായ ഉപാധി സൂചിപ്പിക്കുകയാണ് ഈ സൂക്തം. ദാനധർമത്തിന്റെ അടിസ്ഥാന പ്രചോദനം അല്ലാഹുവോടുള്ള ഭക്തിയും വിധേയത്വവുമായിരിക്കണം. അല്ലാഹുവിൽ അടിയുറച്ച വിശ്വാസമോ അവന്റെ വിധിവിലക്കുകളോട് വിധേയത്വമോ ഇല്ലാത്തവരുടെ ദാനധർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. അത് സന്മനസ്സോടെ നൽകുന്നതാകട്ടെ, മനസ്സില്ലാമനസ്സോടെ നൽകുന്നതാവട്ടെ; രണ്ടായാലും ലക്ഷ്യം പിഴച്ചിരിക്കുന്നു.

ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളിൽനിന്നും ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കാനും കാപട്യം മൂടിവെക്കാനുമുള്ള ഉപാധിയായി സംഭാവനകളെ ഉപയോഗപ്പെടുത്തുന്ന ചില സമ്പന്നരുണ്ട്. സമ്പത്തുണ്ടാക്കുക മാത്രമാണ് തങ്ങളുടെ ദൗത്യമെന്ന് അവർ കരുതുന്നു. മറ്റ് ഉത്തരവാദിത്വങ്ങൾക്കൊക്കെ പകരമായി അതിൽനിന്ന് കുറെ ദാനം ചെയ്താൽ മതി. ദാനം മഹത്തായ പുണ്യകർമമാണ്. കഴിവുള്ളവർ ദാനംചെയ്യേണ്ടതു നിർബന്ധവുമാണ്. അതുപക്ഷേ മറ്റ് ഉത്തരവാദിത്വങ്ങൾ ലംഘിക്കുന്നതിനു പകരമാവുകയില്ല; സകാത്ത് നമസ്കാരത്തിന് പകരമാകാത്തതുപോലെ. ഖുർആൻ ജിഹാദിനെക്കുറിച്ചു പറഞ്ഞേടത്തൊക്കെ بِأَمْوَٰلِهِمْ وَأَنفُسِهِمْ എന്ന് മുതലിനോടൊപ്പം ശരീരത്തെയും പരാമർശിച്ചത് ശ്രദ്ധേയമാണ്. കഴിവുള്ളവർ നിർബന്ധമായും രണ്ടുകൊണ്ടും ജിഹാദ് ചെയ്യണം. ശാരീരിക ജിഹാദിനു പകരം സംഭാവന കുറെ കൂടുതൽ നൽകിയാൽ പോര. സാമ്പത്തിക ജിഹാദിനു പകരം ശാരീരിക പ്രയത്നം കുറച്ചധികം ചെയ്താലും പോരാ. ശാരീരികമായ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ഉപായമാക്കുമ്പോൾ ധനവ്യയം എത്രവലുതായാലും കാപട്യത്തിന്റെ മൂടുപടമാകുന്നു. ഇക്കാലത്ത് പരസ്പര വിരുദ്ധമായി നിലകൊള്ളുന്ന സ്ഥാപനങ്ങൾക്കും പാർട്ടികൾക്കും ഒരുപോലെ സംഭാവന നൽകുന്ന മുതലാളിമാരെ കാണാം. രണ്ടു കക്ഷിയുടെയും ലക്ഷ്യങ്ങളോടോ നിലപാടുകളോടോ ഈ സമ്പന്നർക്ക് കൂറുണ്ടാവില്ല. ആ സ്ഥാപനങ്ങളിൽനിന്നും പാർട്ടികളിൽനിന്നും കിട്ടാവുന്ന ആനുകൂല്യങ്ങൾ നേടുകയും അവയുടെ ശല്യങ്ങളിൽനിന്ന് രക്ഷപ്പെടുകയുമാണ് അവരുടെ ഉദ്ദേശ്യമെന്ന് വ്യക്തം. ഇതാണ് ദാനധർമങ്ങളുടെയും സംഭാവനകളുടെയും സ്ഥിതി. എന്നാൽ ശാരീരിക സേവനം ഇങ്ങനെ പരസ്പര വിരുദ്ധമായ കക്ഷികൾക്കു പങ്കുവെക്കുക എളുപ്പമല്ല. കൂറും വിശ്വാസവുമുള്ള ഭാഗത്തേക്ക് മനസ്സും ശരീരവും സമ്പത്തും ഒരുമിച്ചാണ് നീങ്ങുക. ശരീരവും മനസ്സും കൂടെയില്ലാത്ത സാമ്പത്തിക സേവനം അല്ലാഹുവിന്നാവശ്യമില്ല. മനുഷ്യർ എന്തുകൊടുത്താലും വാങ്ങാൻ കൈയും നീട്ടിയിരിക്കുകയല്ല അവൻ. വാസ്തവത്തിൽ മനുഷ്യർ നൽകുന്ന ദാനധർമങ്ങളൊന്നും അവന്റെയടുക്കലെത്തുന്നില്ല. അവങ്കലെത്തുന്നത് അവ നൽകുന്നവരുടെ തഖ്‌വ-ഭയഭക്തി-യാണ്. ബലികർമത്തെക്കുറിച്ചു ഖുർആൻ പറഞ്ഞു:

لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ

(അതിന്റെ രക്തമോ മാംസമോ അല്ലാഹുവിനെ പ്രാപിക്കുന്നില്ല. എന്നാൽ അവനെ പ്രാപിക്കുന്നത് നിങ്ങളിൽ നിന്നുള്ള ഭക്തിയാകുന്നു- 22:37). ദാനധർമങ്ങളുടെ സ്ഥിതിയും ഇതുതന്നെ. അല്ലാഹുവിൽ അടിയുറച്ച വിശ്വാസവും അവന്റെ ദീനിനോട് അദമ്യമായ കൂറുമുള്ളവരാണ് യഥാർഥ ഭക്തന്മാർ-മുത്തഖികൾ. അതില്ലാത്തവർ പാപികളും ധിക്കാരികളും- فَٰسِقِينَ - ആകുന്നു. അവരുടെ സംഭാവനകളും ദാനധർമങ്ങളും സ്വമനസ്സാ നൽകിയാലും സമ്മർദത്തിനു വഴങ്ങി നൽകിയാലും അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനവ്യയമാകുന്നില്ല. ■